പതിമൂന്നാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2831 14.2.2013 ലെ മറുപടിക്ക്

പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള കേന്ദ്രീകൃത ഫണ്ട്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി സത്യൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ)50% ൽ കൂടുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന കോളനികളിൽ അടിസ്ഥാന സൗകര്യവികസനത്തിന് (റോഡ്, കുടിവെള്ളം, വൈദ്യുതി) കേന്ദ്രീകൃത ഫണ്ടിൽ നിന്നും പ്രത്യേക തുകകൾ അനുവദിച്ചു നൽകിയിരുന്നോ; പ്രസ്തുത പദ്ധതികൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | കോളനികളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി കേന്ദ്രീകൃത ഫണ്ടിൽ നിന്നും തുകകൾ അനുവദിച്ചുവരുന്നു; പ്രസ്തുത പദ്ധതികൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. ഇത്തരം പദ്ധതികൾ കോളനിയ്ക്കുള്ളിൽ മാത്രമായി പരിമിതപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. |
| (ബി)പട്ടികജാതി കോളനികളിൽ റോഡ് വികസനത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | ബി) | സ്വയം പര്യാപ്ത കോളനി പദ്ധതിയിൽ കോളനികളിലെ റോഡുകളുടെ വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി കോളനികൾക്കുള്ളിലെ റോഡുവർക്കുകൾക്ക് മാത്രമേ എസ്.സി.പി ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകാൻ കഴിയുകയുള്ളൂ. |
| (സി)എത്ര പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളെയാണ് പട്ടികജാതി കോളനികളായി പരിഗണിക്കുന്നത്; കുടുംബങ്ങളുടെ എണ്ണം കുറവാണ് എന്നുകാണിച്ച് എസ്.സി.ഡി.ഒ മാർ ഫീസിബിലിറ്റി നൽകാൻ മടിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | സി) | 50%- ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന പ്രദേശം പൊതുവേ കോളനികളായി പരിഗണിച്ചാണ് വൈദ്യുതി, റോഡ്, കുടിവെള്ള പദ്ധതികൾ തുടങ്ങിയവ വകുപ്പ് മുഖാന്തിരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടപ്പിലാക്കി വരുന്നത്. ഫീസിബിലിറ്റി നൽകാൻ മടിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; 50%-ൽ കുറവ് പട്ടികജാതി കുടുംബങ്ങൾ വരുന്ന പ്രദേശങ്ങളിൽ എസ്.സി.പി. ഫണ്ട് വിനിയോഗിക്കാൻ നിലവിലുള്ള മാർഗ്ഗ രേഖകൾ പ്രകാരം കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ.